Santhigiri

# ഉമ്മിണിതങ്കം

VOL 03 | ISSUE 03 | 2017 ജനുവരി 15 | 1192 മകരം 02

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

**ഓരോരുത്തരുടെയും നല്ല ഗുണങ്ങൾ മാതൃകയാക്കണം. ഒരു ചെറിയ ജീവിയിൽ നിന്നുപോലും പഠിക്കാനുണ്ട്. എല്ലാറ്റിൽനിന്നും പഠിച്ച് തന്റെ പ്രവൃത്തി കൊണ്ട് ഒരാളെയെങ്കിലും നന്നാക്കും എന്നൊരു വാശി പുലർത്തണം.**



# പൂജിതപീഠം സമർപ്പണം വ്രതാചരണങ്ങൾക്ക് തുടക്കമായി

**സ്പിരിച്ച്വൽ സോൺ :** 41 ദിവസം നീണ്ടുനിൽക്കുന്ന 'പൂജിതപീഠം സമർപ്പണം' വ്രതാചരണങ്ങൾക്ക് ജനുവരി 13 വെള്ളിയാഴ്ച്ച തുടക്കമായി. രാവിലെ 6 മണിയുടെ ആരാധനക്കു ശേഷം നടന്നുവരുന്ന പുഷ്പസമർപ്പണത്തിലും പ്രാർത്ഥനയിലും നൂറുകണക്കിന് ഗുരുഭക്തർ പങ്കെടുക്കുന്നു. വ്രതസങ്കൽപ്പങ്ങൾക്ക് മുന്നോടിയായി ജനുവരി 11 ന് അഭിവന്ദ്യ ശിഷ്യപൂജിത ആത്മബന്ധുക്കളോട് സംസാരിച്ചു.

**പൂജിതപീഠം സമർപ്പണം സങ്കൽപ്പം :**

**" എന്റെ കുടുംബത്തോടെയുള്ള ദോഷവും ഞാൻ ചെയ്തിട്ടുള്ള എല്ലാ പാപശക്തികളും അങ്ങനെ സകലവിധ ദോഷവശവും മാറി എന്ത് നന്മയാണോ എനിക്കും എന്റെ കുടുംബത്തിനും കിട്ടേണ്ടത്, അത് എന്താണോ എന്റെ ഗുരുവിൽ കൂടി കിട്ടേണ്ടത്, കിട്ടണേ അപ്പാ.."**

## 'അമൃതം 2017' ശില്പശാല ജനുവരി 20, 21 തീയതികളിൽ

**പാലക്കാട്:** ആയുർവേദ വിഷ ചികിത്സ സംബന്ധിച്ച ദേശീയ സെമിനാർ ജനുവരി 20, 21 തീയതികളിലായി പാലക്കാട് ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളജിൽ വച്ച് നടക്കും. രണ്ടു ദിവസങ്ങളിലായി നടക്കുന്ന സെമിനാറുകളിൽ ആയുർവേദ വിഷചികിത്സാ രംഗത്തെ പ്രമുഖരും പാരമ്പര്യ ചികിത്സകരും പങ്കെടുക്കുന്നതാണ്.







## ജന്മഗൃഹതീർത്ഥയാത്രാ വാർഷികം വെള്ളിയാഴ്ച

**ചന്ദിരൂർ:** ജന്മഗൃഹതീർത്ഥയാത്രയുടെ 17-ാം വാർഷികവും സമ്മേളനവും ജനുവരി 20 വെള്ളിയാഴ്ച നടക്കും. വാർഷികാഘോഷത്തിന്റെ ഭാഗമായുള്ള തീർത്ഥയാത്ര രാവിലെ 8 മണിയ്ക്ക് എരമല്ലൂർ ജംഗ്ഷനിൽ നിന്ന് ആരംഭിക്കും. മുത്തുക്കുട, വാദ്യമേളങ്ങൾ എന്നിവയുടെ അകമ്പടിയോടെ ജന്മഗൃഹത്തിൽ എത്തി യാത്ര സമാപിക്കും. തുടർന്ന് നടക്കുന്ന സമ്മേളനം ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉത്ഘാടനം ചെയ്യും. അഡ്വ. എം. എ. ആരിഫ് എം എൽ എ അദ്ധ്യക്ഷത വഹിക്കും. സാമൂഹിക രാഷ്ട്രീയ സാംസ്കാരിക ആദ്ധ്യാത്മിക മണ്ഡലങ്ങളിലെ പ്രഗത്ഭർ സംസാരിക്കും.

2000-മാണ്ട് ജനുവരി മാസമാണ് ജന്മഗൃഹതീർത്ഥയാത്ര ആരംഭിച്ചത്. അന്ന് ആശ്രമത്തിൽ നിന്നും ഏതാനും ഗുരുഭക്തർ ഒരു വാഹനത്തിൽ ഗുരുവിന്റെ ജന്മഗൃഹത്തിലേയ്ക്ക് ഒരു തീർത്ഥയാത്ര പോയി. തുടർന്ന് എല്ലാ മാസവും ചോതി നക്ഷത്രത്തിൽ ഈ യാത്ര സംഘടിപ്പിക്കുമായിരുന്നു.

വളരെ വിപുലമായ രീതിയിലാണ് ഇത്തവണ തീർത്ഥയാത്ര വാർഷികം നടത്തുന്നത്. വിവിധ സ്ഥലങ്ങളിൽ നിന്നുള്ള ആത്മബന്ധുക്കൾ യാത്രയിൽ പങ്കെടുക്കും. തീർത്ഥയാത്രയിൽ പങ്കെടുക്കുന്നതിനായി ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു വാഹനം ഒരുക്കിയിട്ടുണ്ട്. താല്പര്യമുള്ളവർ ഗവേണിംഗ് കമ്മിറ്റി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 8113039007, 8156871459

## ഗുരുവാണി

കൊച്ചുകുട്ടികളായിരിക്കുമ്പോൾ അച്ഛനമ്മമാരാണ് അവർക്ക് ഏറ്റവും വലുത്. കുറെക്കൂടി മുതിർന്നവരാകുമ്പോൾ അതിനെക്കാളും വലിയ ആളുകളും ലോകത്തുണ്ട് എന്നൊരു ധാരണ അവരിലുണ്ടാകുന്നു. വീണ്ടും കുറെക്കാലം കൂടി കഴിയുന്നതോടെ അതിന്റെ മുകളിൽ ഒരു ഭരണകൂടമുണ്ടെന്നും അതിനെല്ലാം അതീതമായി പിന്നെ ദൈവവുമുണ്ട് എന്നും മനസ്സിലാകുന്നു. അപ്പോൾ ഈ ദൈവത്തിന്റെ മഹിമ അറിയാൻവേണ്ടി നമ്മൾ ഓരോന്നു ചെയ്തുവരുമ്പോൾ മുൻപ് പറഞ്ഞ ഈ പ്രകാശരൂപത്തിലല്ലാതെയുമൊക്കെ കിട്ടും. ചില മഹാത്മാക്കൾക്ക് ഇതിന് തിരുത്തിക്കിട്ടുന്ന വാക്കുകൾ ഉണ്ട്. ഇങ്ങനെയൊക്കെ വന്നാണ് നമ്മളെയും തിരുത്തി വന്നിരിക്കുന്നത്.

അങ്ങനെ ഓരോന്നും നോക്കുമ്പോൾ നമ്മുടെ മുൻഗാമികൾ കഷ്ടപ്പെട്ടിരിക്കുന്നതിന്റെ ഒരു അണുവിടപോലും നമ്മൾ കഷ്ടപ്പെടേണ്ടി വരുന്നില്ല. ആ ത്യാഗത്തിന്റെ വലുപ്പം നോക്കുമ്പോൾ അവർ നമുക്കുവേണ്ടി അത്രയ്ക്കു കഷ്ടപ്പെട്ട് ചെയ്തിരിക്കുകയാണ്. പക്ഷേ ഇതിനെയൊന്നും വിലയിരുത്തിക്കാണാനുള്ള കണ്ണോ അതിനുള്ള ഒരു പരിശ്രമബോധമോ നമുക്കുണ്ടായിട്ടില്ല. ഉണ്ടാകുന്നുമില്ല. ആരെങ്കിലും കുറെ വ്യക്തികൾ അതു ചെയ്യുന്നുണ്ടാകും. സമൂഹം അത് അനുഭവിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഓരോ കാര്യത്തിലും നമ്മളെടുത്ത് നോക്കുമ്പോൾ നമ്മുടെതായ പങ്കും നമ്മുടെ സമൂഹത്തിലുള്ള ഓരോ വ്യക്തിയുടെ പങ്കും നമുക്ക് നിർവഹിക്കേണ്ടിയിരിക്കുകയാണ്.

ഇതിലേക്ക് നമുക്ക് എന്തൊക്കെ ചെയ്യണമെന്ന് അറിയുന്നതാണ് ഈ വക വിദ്യ. ഓരോ വിദ്യയും പ്രവർത്തിച്ച് അനുഭവിച്ച് അറിഞ്ഞ് അതിന്റെ ഏറ്റക്കുറച്ചിലുകളെ നീക്കം ചെയ്ത് നമുക്കത് ഉതകി മനുഷ്യന് പ്രാപ്തമാകത്തക്ക വിധത്തിൽ-ഒരു വ്യക്തി എന്ന നിലയിൽ-കാണിച്ചുകൊടുക്കുകയാണ് വേണ്ടത്. അതിന് ഒരാളുവേണം. അദ്ദേഹത്തെ നിങ്ങൾ ഗുരുവെന്നോ മറ്റെന്തെങ്കിലുമോ ഒരു പേരു വിളിച്ചോളൂ. എന്തായാലും വേണ്ടില്ല. നമുക്ക് അറിഞ്ഞാൽ മതിയല്ലോ.

ലോകം എന്നുത്ഭവിച്ചുവോ അന്നുമുതൽ മനുഷ്യന് ഈ അന്വേഷണബുദ്ധി തുടങ്ങിയതാണ്. ഈ അന്വേഷണബുദ്ധിയിൽ ഒന്നും അറിയാത്തവരും ഉണ്ട്. അതിനുള്ള പറ്റിയ അറിവോടുകൂടി പ്രവർത്തിക്കാൻ കഴിയാത്തവരുമുണ്ട്. അത് ജന്മം കൊണ്ടേ സാധിക്കൂ. അതിനുദാഹരണം-ചെടിയിൽ ജീവനുള്ളതു കൊണ്ടാണല്ലോ അത് വളരുകയും പൂക്കുകയുമെല്ലാം ചെയ്യുന്നത്. പിന്നെ ആ ജീവൻ മറ്റു പല ജന്തുക്കളായും അതു കഴിഞ്ഞ് ഇഴജന്തുക്കളായും മൃഗങ്ങളായും മാറിവന്ന് അവസാനം മനുഷ്യനായി മാറുന്നു. അവന് ബുദ്ധിയും തിരിച്ചറിവും ഉണ്ടായി. ഈ ബുദ്ധിവൈഭവവും വാസനയും ഇണങ്ങിച്ചേർന്ന് പ്രവർത്തിച്ചാണ് നമ്മൾ ഇതുവരെ വന്നിരിക്കുന്നത്.

## വചനദീപ്തി

'ശത്രുസ്നേഹത്തിന്റെ വഴി ക്രിസ്തു കാണിച്ചുതന്നു..
അത് പ്രവർത്തനക്ഷമമാണെന്ന് ഗാന്ധിജി
ബോധ്യപ്പെടുത്തുകയും ചെയ്തു..'

**- മാർട്ടിൻ ലൂഥർ കിംങ്**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ജനുവരി 15 മുതൽ 21 വരെ*

| | |
|---|---|
| **ഞായർ** | **- കരുണപുരം** |
| **തിങ്കൾ** | **- ശാന്തിഗിരി ജംഗ്ഷൻ** |
| **ചൊവ്വ** | **- ലക്ഷ്മിപുരം** |
| **ബുധൻ** | **- ആനന്ദപുരം** |
| **വ്യാഴം** | **- ജനസേവികപുരം** |
| **വെള്ളി** | **- രത്നഗിരി** |
| **ശനി** | **- സ്നേഹപുരം** |

## യാമപ്രാർത്ഥന

*2017 ജനുവരി 19 വ്യാഴം*

**ശാന്തിപുരം, കരുണപുരം, ജനസേവികപുരം**

## നവപൂജിത സമർപ്പണ വാർഷികം

*2017 ജനുവരി 30 തിങ്കൾ*

**പ്രകാശപഥം**

## ഗൃഹസ്ഥാശ്രമിയുടെ ധർമസ്വഭാവം

ഗൃഹസ്ഥാശ്രമിയുടെ ധർമസ്വഭാവത്തെപ്പറ്റി നാം പറയുമ്പോൾ നമ്മുടെ പരമ്പരയിൽ ഗുരു അത് ചെയ്യിപ്പിച്ച്, ആ ചെയ്യിപ്പിച്ച രൂപം നമുക്കേവർക്കും എടുത്ത് പ്രവർത്തിപ്പിക്കാവുന്ന ഒരു അനുഭവത്തിന്റെ സ്വഭാവത്തിലാക്കി, അത് തെളിയിച്ച് അതിന്റെ സാക്ഷാത്കാരരൂപമായി നമ്മുടെ കയ്യിൽ തന്നിരിക്കുകയാണ്. നമ്മുടെ കർമവും ധർമവുമായ പ്രവർത്തനവും ത്യാഗവും കൊണ്ടത് വലിപ്പപ്പെടുത്തണം. കാരണം നമ്മൾ ഒന്നിനുവേണ്ടി തുനിഞ്ഞിറങ്ങുമ്പോൾ നമുക്ക് വേദനയും ദുഃഖവും അവിടെ നിന്നും തിരിച്ച്, ഈ മനുഷ്യജീവികൾക്കും സൂക്ഷ്മലോകങ്ങൾക്കും എന്നു പറയുന്ന ഭാഗത്തിൽ, നമ്മുടെ മനസ്സും ശരീരവുമായിട്ട് വേദനിക്കുന്ന ഭാഗങ്ങൾ ആത്മീയതലത്തിൽ എന്നല്ല, അത് കർമത്തിന്റെ ഭാഗത്തിൽ ആത്മീയം ആർജ്ജിക്കാൻ എങ്ങനെയാണെന്നും ഗുരു പഠിപ്പിച്ചു തന്നത് സിദ്ധിയുടേയോ അല്ലെങ്കിൽ മന്ത്രവാദത്തിന്റേയോ അല്ലെങ്കിൽ വേറൊരു സ്വഭാവത്തിലോ അല്ല. കാരണം ഒരു സിദ്ധിജാലങ്ങളും കാണിക്കാതെ പോയ മഹാത്മാവാണ് നബി തിരുമേനി. അവിടെ നമ്മൾ നോക്ക്. ഒരു ഗൃഹസ്ഥന്റെ ധർമം ഏതെല്ലാം സ്വഭാവത്തിൽ കൊണ്ടുവന്ന് പ്രവാചകസ്വഭാവത്തിന്റെ രീതിയിൽ അവർ എത്തിച്ചേർന്നു. പക്ഷെ ജിന്നുസേവയെന്നും അങ്ങനെ പല സേവാസ്വഭാവത്തിൽപോയി, അത് വേറൊരു ഭാഗം, വേറൊരു രീതിയാണ്. അല്ലാതെ ഉസ്താദ് എന്നു പറയുന്ന ഭാഗത്ത് അവർ അത് ചെയ്തിട്ടില്ല. ആ മഹാത്മാവ് അങ്ങനെയുള്ള ഭാഗത്തേക്കു കടന്നിട്ടേയില്ല.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

## അറുപതാണ്ടുകൾക്കു ശേഷം അനുവാദത്തിനായി ശാന്തിഗിരിയിൽ



വെള്ളറട ലോകനാഥക്ഷേത്ര ഭാരവാഹികൾ പ്രശ്നവിധി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വിക്ക് കൈമാറുന്നു

**പോത്തൻകോട് :** ശിവപ്രതിഷ്ഠ കഴിഞ്ഞ് അറുപതാണ്ടുകൾ പിന്നിട്ടിരിക്കുകയാണ് വെള്ളറട ലോകനാഥ ക്ഷേത്രം. അരുവിപ്പുറത്ത് ധ്യാനവും പ്രാർത്ഥനയുമായി കഴിഞ്ഞിരുന്ന സമയത്താണ് നവജ്യോതി ശ്രീകരുണാകര ഗുരുവിനെ സ്വീകരിച്ച് ക്ഷേത്രത്തിൽ കൊണ്ടുപോയതും അവിടെ ശിവപ്രതിഷ്ഠ നടത്തുകയും ചെയ്തത്. അനധികൃതമായി കൈയേറിയ ഭൂമിയിലാണ് നാട്ടുകാരുടെ ഇടപെടൽ മൂലം ക്ഷേത്ര നിർമ്മാണം സാധ്യമായത്. ഈയിടെ ദേവപ്രശ്നം നടത്തിയ സമയത്ത് ക്ഷേത്രത്തിൽ ഐശ്വര്യം കൂടുതൽ സാധിതമാകണമെങ്കിൽ മുടങ്ങിക്കിടക്കുന്ന തന്ത്രി സ്ഥാനം പുനസ്ഥാപിക്കണമെന്നും പുതിയ തന്ത്രിയെ സ്വീകരിച്ചാനയിച്ച് പ്രദേശത്തുള്ള ഭക്തൻമാരെ വിളിച്ചുകൂട്ടി വിളംബരം നടത്തണമെന്നും പ്രശ്നവിധി പ്രകാരം തെളിഞ്ഞു. ഗുരുദേവ സ്ഥാനീയനായ ഒരു മഹാ ഋഷിയാൽ സ്ഥാപിതമായ ക്ഷേത്രത്തിന് ആചാര്യ സമാധിക്കു ശേഷം പൂജാദികാര്യങ്ങളുൾപ്പെടെ വിഘ്നം വന്നതായി തെളിഞ്ഞു. ക്ഷേത്ര പ്രതിഷ്ഠ നടത്തിയ ഗുരുസവിധത്തിൽ നിന്നും സമർപ്പണ പ്രാർത്ഥന നടത്തി അനുവാദം വാങ്ങിവേണം നിയുക്ത തന്ത്രിയെ കാണേണ്ടത് എന്ന് പ്രശ്നവശാൽ തെളിഞ്ഞു. അതിൻപ്രകാരം ക്ഷേത്ര ഭാരവാഹികൾ പോത്തൻകോട് ശാന്തിഗിരി ആശ്രമത്തിൽ എത്തി ഗുരുസന്നിധിയിൽ പ്രാർത്ഥന നടത്തി പുതിയ കർമ്മങ്ങൾക്കുള്ള അനുവാദം ഗുരുവിൽ നിന്നും സ്വീകരിച്ചു.

ഗുരു അരുവിപ്പുറത്തായിരുന്ന കാലം. ആത്മീയാന്വേഷണത്തിനായി 41 ദിവസം കൊടിതൂക്കി മലയിൽ കയറി പ്രാർത്ഥിക്കാൻ തീരുമാനിക്കുകയും നാൽപ്പതാം ദിവസം മലകയറി ചെന്നപ്പോൾ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശത്തിൽ അന്നോളം കണ്ടിട്ടില്ലാത്ത ദിവ്യനായ ഒരു സന്ന്യാസിയുടെ രൂപം കാണുകയുണ്ടായി. മാസങ്ങൾക്കു ശേഷം ഒരു ചായക്കടയിൽ വെച്ച് ഋഷി ഷിർദി സായി ബാബ ആയിരുന്നു ആ രൂപമെന്ന് ഗുരു തിരിച്ചറിഞ്ഞു. അതുപോലെ അരുവിപ്പുറത്തുണ്ടായിരുന്ന സമയത്താണ് പൂവാർ സ്വദേശിയായ വിജയൻ എന്ന യുവാവ് ഗുരുവിനെ ബീമാപ്പള്ളിക്കു സമീപം താമസിക്കുന്ന ഒരു സന്ന്യാസിയുടെ സമീപം കൊണ്ടുപോയത്. ആ സന്ന്യാസിയാണ് ഗുരുവിന്റെ ഗുരുവായ പഠാണി സ്വാമികൾ എന്നറിയപ്പെടുന്ന ഖുറേഷ്യാ ഫക്കീർ. അങ്ങനെ നിരവധി അനുഭവങ്ങളാൽ സമ്പന്നമായിരുന്നു ആ കാലഘട്ടം.



വെള്ളറട ലോകനാഥക്ഷേത്രം

നെയ്യാറ്റിൻകരയിൻ നിന്നും ഇരുപത് കിലോമീറ്റർ ദൂരെ വെള്ളറട ജംഗ്ഷനിലാണ് ലോകനാഥ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ശിവപ്രതിഷ്ഠ കൂടാതെ ഗണപതി, മുരുകൻ, ദേവി, നാഗർ, ശ്രീനാരായണഗുരു എന്നീ പ്രതിഷ്ഠകളും ക്ഷേത്രത്തിൽ ഉണ്ട്. ക്ഷേത്രത്തിന്റെ വളർച്ചയ്ക്കായുള്ള ഭക്തൻമാരുടെയും ഭാരവാഹികളുടെയും വലിയ മനസ്സാണ് ദേവപ്രശ്നം നടത്തി ക്ഷേത്രാഭിവൃദ്ധി നടത്തണമെന്ന ചിന്തയ്ക്കു പിന്നിൽ.

ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയെ കണ്ട് ക്ഷേത്ര ഭാരവാഹികൾ കാര്യങ്ങളെ കുറിച്ച് വിശദമായി സംസാരിച്ചു. ഫെബ്രുവരിയിൽ മഹാശിവരാത്രി ആഘോഷങ്ങളോടനുബന്ധിച്ചുള്ള ഉത്സവസമയത്ത് ആത്മീയ പ്രഭാഷണം നടത്താൻ സ്വാമി എത്തിച്ചേരുമെന്ന് അറിയിച്ചു. ജിനു എ രവീന്ദ്രൻ, അഡ്വ. എസ് ശ്രീധരൻ, എൻ. പാർത്ഥിപ കുമാർ, കെ വിജയൻ തുടങ്ങിയവരാണ് ആശ്രമം സന്ദർശിച്ചത്.

ശിവഗിരി മഠത്തിലെ സുഗതൻ തന്ത്രിയാണ് വെള്ളറട ലോകനാഥക്ഷേത്രത്തിലെ നിയുക്ത തന്ത്രി.

## ടോൾ ഫ്രീ നമ്പർ

**ഹെൽത്ത് കെയർ സോൺ** : ശാന്തിഗിരി ആശ്രമം കസ്റ്റമർ കെയർ ടോൾ ഫ്രീ നമ്പർ **18004255777** മാർക്കറ്റിംഗ് ഡിപ്പാർട്ടുമെന്റിലെ ഓഫീസ് അഡ്മിനിസ്ട്രേഷൻ ഡിവിഷന്റെ ചുമതലയിലേയ്ക്ക് മാറ്റിയിരിക്കുന്നു.

കസ്റ്റമർ കെയർ ഇമെയിൽ ഐ.ഡി.
5777@santhigiriashram.org

## വാടക വർദ്ധനവ്

**റിസർച്ച് സോൺ** : വൈദ്യുതി, വെള്ളം, അറ്റകുറ്റ പണികൾ എന്നിവയുടെ ചെലവ് വർദ്ധിച്ചതിനാൽ ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് ചുമതലയിൽ പ്രവർത്തിക്കുന്ന ഗസ്റ്റ് ഹൗസ് നമ്പർ 2 ലെ റൂമിന്റെ ദിവസ വാടക 400രൂപയായും ഗസ്റ്റ്ഹൗസ് നമ്പർ 3ലെ നോൺ എ.സി. റൂമിന്റെ വാടക 600 രൂപയായും എ.സി. റൂമിന്റെ വാടക 1200 രൂപയായും വർദ്ധിപ്പിച്ചു.



പുതുതായി ആരംഭിച്ച സിപ്സ് പഞ്ചകർമ്മ തീയേറ്ററിന് സ്വാമി വന്ദനരൂപൻ ജ്ഞാന തപസ്വി തിരിതെളിയിക്കുന്നു

## സിപ്സിൽ പഞ്ചകർമ്മ തീയറ്റർ

**ഹെൽത്ത്കെയർ സോൺ** : ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസിൽ പഞ്ചകർമ്മ തീയറ്റർ പ്രവർത്തനം ആരംഭിച്ചു. വിദ്യാർത്ഥികൾക്ക് ഏറെ ഉപകാരപ്രദമാണിത്. ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാന തപസ്വി തിരിതെളിയിച്ച് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.ഡി ദേവരാജൻ, വിഭദ്രൻ, ഡോ. ബി.ഗീത, മഹേഷ് എം. എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## സംവാദം സംഘടിപ്പിച്ചു

**സ്പിരിചൽ സോൺ** : ക്യാൻസർ ചികിത്സാ രംഗത്ത് സിദ്ധവൈദ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ശാന്തിഗിരി സിദ്ധമെഡിക്കൽകോളേജ് വിദ്യാർത്ഥികളോട് ഡോ.സി.പി മാത്യു സംവദിച്ചു. കോട്ടയം മെഡിക്കൽ കോളേജിലെ ഓങ്കോളജി വിഭാഗം മേധാവിയും റിട്ട.പ്രൊഫസറുമായിരുന്ന ഡോ.സി.പി മാത്യു സിദ്ധമരുന്ന് ഉപയോഗിച്ച് ക്യാൻസർ ചികിത്സ നടത്തുന്നതിൽ വിദഗ്ധനാണ്. ജനുവരി 10 ന് സ്പിരിച്ചൽ സോൺ കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ സിദ്ധകോളേജിലെ പൂർവ വിദ്യാർത്ഥികളും പങ്കെടുത്തു.



ശാന്തിഗിരി ഗുരുമഹിമ പ്രവർത്തകർ കോവളം സന്ദർശിച്ചപ്പോൾ



ശാന്തിഗിരി വിദ്യാഭവനിൽ നടന്ന ബോധവത്ക്കരണ ക്ലാസ്സിൽ നിന്ന്

## ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു

**എഡ്യുക്കേഷൻ സോൺ** : ലോകയുവജനദിനത്തോടനുബന്ധിച്ച് ശാന്തിഗിരി മാതൃമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 12ന് ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്ക്കൂളിൽ വച്ച് 'സദാചാരമൂല്യങ്ങൾ വിദ്യാർത്ഥികളിൽ' എന്ന വിഷയത്തിലാണ് ക്ലാസ്സ് നടത്തിയത്. ആർട്സ് ആന്റ് കൾച്ചർ ഡിപ്പാർട്ടുമെന്റ് സീനിയർ അഡ്വൈസർ ഡോ. റ്റി.എസ്. സോമനാഥൻ, സ്പിരിചൽ സോൺ ഗസ്റ്റ് റിലേഷൻസ് സീനിയർ മാനേജർ ശ്യാംകുമാർ എസ്. എന്നിവർ വിഷയാവതരണം നടത്തി.

എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റ് ഹെഡ് സർവ്വാദരണീയ സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി അദ്ധ്യക്ഷനായിരുന്നു. ആദരണീയ ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി മഹനീയസാന്നിദ്ധ്യം വഹിച്ച ചടങ്ങിൽ വിജയകുമാരി പി., ഡോ. ഹേമലത പി. എ., ശ്രീജിത് എസ്. വി., സുജ എസ്. എന്നിവർ പങ്കെടുത്തു.

## ശാന്തിഗിരി പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആസാമിൽ

**ഗുഹാവതി** : ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ് ആസാമിലെ ഗുഹാവതിയിൽ പ്രവർത്തനമാരംഭിച്ചു. ജനുവരി 12ന് ഗുഹാവതിയിൽ നടന്ന ചടങ്ങിൽ ആസാം മുഖ്യമന്ത്രി സർബാനന്ദ സോനോവൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. ആയുർവേദ രംഗത്ത് ശാന്തിഗിരി ആശ്രമം നടത്തുന്ന സ്തുത്യർഹമായ സേവനങ്ങളെ അദ്ദേഹം ശ്ലാഘിച്ചു. ആയുർവേദ ചികിത്സയ്ക്ക് പ്രചാരം ഏറിവരുകയാണ്. സമൂഹത്തിലെ താഴെക്കിടയിലുള്ള യുവജനങ്ങൾക്ക് ജോലിസാധ്യത ഉണ്ടാക്കുന്നതിന് ഈ സ്ഥാപനം സഹായിക്കും. യുവസംരംഭകർക്ക് സംസ്ഥാന ഗവൺമെന്റ് ധനസഹായം നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ചടങ്ങിൽ ശാന്തിഗിരി ആശ്രമം ഗുഹാവതി റീജ്യൺ ഇൻചാർജ് ആദരണീയ സ്വാമി പത്മപ്രകാശ ജ്ഞാനതപസ്വി, ആർ. പി. ശർമ എം. പി. തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.



ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനം ആസാം മുഖ്യമന്ത്രി സർബാനന്ദ സോനോവൽ നിർവ്വഹിക്കുന്നു




ശാന്തിഗിരി വിദ്യാഭവൻ നടത്തിയ സ്മൈലിംഗ് കോമ്പറ്റീഷൻ വിജയികൾ അദ്ധ്യാപകരോടൊപ്പം

# സുൽത്താൻ ബത്തേരി ബ്രാഞ്ച് വാർഷികം

**സുൽത്താൻ ബത്തേരി :** ശാന്തിഗിരി ആശ്രമം സുൽത്താൻ ബത്തേരി ബ്രാഞ്ചിന്റെ 41–ാമത്‌വാർഷികം ജനുവരി 21 ന് ശനിയാഴ്ച്ച ആഘോഷിക്കും. രാവിലെ 5 മണിക്ക് പ്രത്യേക പ്രാർത്ഥനാസങ്കൽപ്പങ്ങൾ ആരംഭിക്കും. 11 മണിക്ക് നടക്കുന്ന വാർഷിക സമ്മേളനം ഐ.സി ബാലകൃഷ്ണൻ എം എൽ എ ഉദ്ഘാടനം ചെയ്യും. 'പ്രകൃതിനീതി' ഫിനോൾ യൂണിറ്റിന്റെ ഉദ്ഘാടനം അഖിലേന്ത്യാ കർഷകമോർച്ചാ സെക്രട്ടറി മോഹനൻ മാസ്റ്റർ നിർവഹിക്കും. തുടർന്ന് കലാപരിപാടികളും നടക്കും.


ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

**കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് &**
**കോൺടാക്ട് ലെൻസ് ക്ലിനിക്ക്**
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

**ഫോൺ : 8089695320**




ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പ്രാർത്ഥനാ യോഗത്തിൽ നിന്ന്

# ഗൃഹസ്ഥാശ്രമസംഘം പ്രാർത്ഥനായോഗം

**എജ്യുക്കേഷൻ സോൺ :** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ യൂണിറ്റ് പ്രാർത്ഥനയോഗങ്ങൾ ജനുവരി 7 ശനിയാഴ്ച നടക്കുകയുണ്ടായി. ലക്ഷ്മിപുരം യൂണിറ്റിൽ സുധർമ്മൻ എസ് – പ്രസന്നകുമാരി എസ് . ദമ്പതിമാരുടെ ' ഭവനമായ ഗുരുകൃപയിൽ വച്ചു നടന്ന പ്രാർത്ഥനയിൽ ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വിയും, ശാന്തിഗിരി ജംഗ്ഷൻ യൂണിറ്റിൽ ഡോ . രാജ്കുമാർ ബി. – അനില എ . ദമ്പതികളുടെ താമസ സ്ഥലമായ 'പ്രണവ്' ബിൽഡിംഗിൽ വച്ചു നടന്ന പ്രാർത്ഥനയിൽ ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വിയും. രത്നഗിരി യൂണിറ്റിൽ സുരേഷ് വി. – സുമ വി. ദമ്പതികളുടെ ഭവനമായ 'ചൈതന്യ'ത്തിൽ വച്ചുനടന്ന പ്രാർത്ഥനായോഗത്തിൽ സർവ്വാദരണീയ സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വിയും നേതൃത്വം നൽകി.






# കർമ്മസിദ്ധാന്തം ഇന്ത്യൻ ആത്മീയതയെ വേറിട്ടുനിർത്തുന്നു : ഡോ. രാമറാവു പപ്പു

**സ്പിരിച്വൽ സോൺ :** കർമ്മ സിദ്ധാന്തമാണ് ഇന്ത്യൻ ആത്മീയതയെ മറ്റു മതങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നതെന്നും അത് തികച്ചും ശാസ്ത്രീയമായ ഒരു സിദ്ധാന്തമാണെന്നും അമേരിക്കയിലെ മിയാമി യൂണിവേഴ്സിറ്റിയിലെ ഫിലോസഫി വിഭാഗം എമിററ്റസ് പ്രൊഫസർ ഡോ.രാമറാവു പപ്പു അഭിപ്രായപ്പെട്ടു. ഗുരുവിന്റെ നവതി ആഘോഷങ്ങളുടെ ഭാഗമായി ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ വ്യത്യസ്ത രംഗങ്ങളിലെ പ്രതിഭാശാലികളെ ക്ഷണിച്ചുവരുത്തി സംഘടിപ്പിക്കുന്ന പ്രഭാഷണ പരമ്പരയുടെ ഭാഗമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

'കർമ്മ സിദ്ധാന്തവും ഇന്ത്യൻ ആത്മീയതയും' എന്ന വിഷയത്തെ അധികരിച്ച് നടത്തിയ പ്രഭാഷണത്തിൽ ഒരു വ്യക്തിയുടെ ജീവിതഗതിയെ നിർണയിക്കുന്നതും നിയന്ത്രിക്കുന്നതും ഒരുവന്റെ കർമ്മഗതിയാണെന്നും മതങ്ങൾക്ക് അതിൽ പങ്കില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഹിന്ദുമതത്തിൽ സ്വർഗ സങ്കൽപ്പം ഉണ്ടെങ്കിലും മനുഷ്യൻ പാപിയാണെന്ന സങ്കൽപ്പം ആ മതത്തിന് അന്യമാണ്. മനുഷ്യരാശി ഇന്ന് നേരിടുന്ന മിക്ക പ്രശ്നങ്ങളുടെയും കാര്യകാരണങ്ങൾ വിശദീകരിക്കുന്നതിൽ കർമ്മ സിദ്ധാന്തത്തെപോലെ പ്രധാനമായ മറ്റൊരു സിദ്ധാന്തവുമില്ലെന്ന് അദ്ദേഹം പറഞ്ഞു.




ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ പ്രഭാഷണ പരമ്പരയിൽ ഡോ. രാമറാവു പപ്പു സംസാരിക്കുന്നു

കഴിഞ്ഞ 52 വർഷമായി മിയാമി യൂണിവേഴ്സിറ്റിയിൽ ഗവേഷണ അദ്ധ്യാപനം നടത്തുന്ന രാമറാവു ഇന്ത്യയുടെ ആത്മീയ പാരമ്പര്യവും സംസ്കാരവും പ്രചരിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

ജനുവരി 10 ന് സ്പിരിച്വൽ സോൺ കോൺഫറൻസ് ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ ശാന്തിഗിരി ആശ്രമം ജോയിന്റ് സെക്രട്ടറി സർവ്വാദരണീയ സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി അദ്ധ്യക്ഷനായിരുന്നു. ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ ചുമതലക്കാരായ ഡോ.കെ. ഗോപിനാഥൻ പിള്ള, ഡോ. കെ.രാജശേഖരൻ നായർ, ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളെജ് വൈസ് പ്രിൻസിപ്പൽ ഡോ. പി. ഹരിഹരൻ എന്നിവർ പങ്കെടുത്തു.



ശാന്തിമഹിമ സത്സംഗത്തിൽ ഡോ. റ്റി. എസ്. സോമനാഥൻ സംസാരിക്കുന്നു

# 'യുവത്വം ലോകനന്മയ്ക്ക്' സത്സംഗം സംഘടിപ്പിച്ചു

**സ്പിരിച്വൽ സോൺ :** ശാന്തിഗിരി ശാന്തിമഹിമ ഗവേണിംഗ് കമ്മിറ്റിയുടെയും തിരുവനന്തപുരം റൂറൽ ഏര്യ കമ്മിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ ലോകയുവജനദിനത്തോടനുബന്ധിച്ച് ജനുവരി 12ന് സ്പിരിച്വൽ സോൺ കോൺഫറൻസ് ഹാളിൽ വച്ച് 'യുവത്വം ലോകനന്മയ്ക്ക്' എന്ന പേരിൽ സത്സംഗം സംഘടിപ്പിച്ചു. ഡോ. റ്റി.എസ്. സോമനാഥൻ മുഖ്യപ്രഭാഷണം നടത്തി. ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി മഹനീയ സാന്നിദ്ധ്യം വഹിച്ചു. സ്വാമി വിവേകാനന്ദന്റെ ജീവിതത്തെയും ദർശനത്തെയും കുറിച്ച് സുധീന്ദ്രൻ എസ്. സംസാരിച്ചു. കണ്ണൻ വി. വിഷയാവതരണം നടത്തി. മനോജ് കുമാർ സി.പി., മനു. എൻ.എം, സത്പ്രഭ എം.പി തുടങ്ങിയവർ പങ്കെടുത്തു.



ഭാരത ദർശൻ തീർത്ഥാടക സംഘം ജനുവരി 9 ന് ആശ്രമം സന്ദർശിച്ചപ്പോൾ




Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala